(ബി&സി) ഒരു നിശ്ചിത തീയതിൽ മേൽപ്പറഞ്ഞ ഓരോ സ്റ്റോറിലും എന്തെല്ലാം സാധനങ്ങൾ സ്റ്റോക്കുണ്ടെന്ന് പരസ്പരം ടെലിഫോണിലൂടെ ബന്ധപ്പെട്ട് മാത്രമേ ഇപ്പോൾ അറിയുവാൻ മാർഗ്ഗമുള്ളൂ.

(ഡി) തടസ്സമില്ല.

**വെളിച്ചത്തിനുവേണ്ടി ഉപയോഗിക്കുന്ന വൈദ്യുതി**

**106 (3906)** ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വസതികളിൽ വൈദ്യുതി വെളിച്ചത്തിനുവേണ്ടി ഉപയോഗിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് ആകെയുള്ള ഉപയോഗത്തിന്റെ എത്ര ശതമാനം വരും എന്ന് വ്യക്തമാക്കുമോ ;

(സി) വെളിച്ചത്തിനുള്ള ഉപാധിയായി വൈദ്യുതി നൽകുന്നതിന് എന്തെല്ലാം പദ്ധതികളുണ്ടെന്ന് വിശദീകരിക്കുമോ ;

(ഡി) എത്ര കാലത്തിനുള്ളിൽ എല്ലാ കൺസ്യൂമർമാർക്കും വൈദ്യുതി നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 52,46,025 ഗാർഹിക കണക്ഷനുകൾ ഉണ്ട്.

(ബി) ആകെ ഉപഭോക്താളുടെ 78% ഗാർഹികകണക്ഷനുകൾ, ആകെ ഉപ ഭോഗത്തിന്റെ 42% വൈദ്യുതി ഉപയോഗിക്കുന്നു.

(സി) നോർമൽ കാറ്റഗറി, ഒ.വൈ.ഇ. ജി., ബി.പി.എൽ./കുടിൽജ്യോതി/ ജീവജ്യോതി/ഒ.ടി.പി., പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക പദ്ധതി എന്നീ പദ്ധതികളുണ്ട്.

(ഡി) വൈദ്യുതി കണക്ഷന് വേണ്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് കാലാകാലങ്ങളിൽ ലക്ഷ്യമിടുന്നതനുസരിച്ച് കണക്ഷൻ നൽകുന്നതാണ്.

**സംസ്ഥാനത്ത് വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ**

**107 (3907)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹിക മേഖലയിലുള്ള ഏതെങ്കിലും വിഭാഗം ഉപയോക്താക്കൾക്ക് സൗജന്യവൈദ്യുതി നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏത് വിഭാഗത്തിനാണെന്നും, ഇതിന്റെ മാനദണ്ഡമെന്താണെന്നും പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly